ഉത്തരം

(എ) ഗവൺമെൻറ് യു.പി.എസ്. പേരാമ്പ്രയ്ക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ട്.

(ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലയാളികൾക്ക് വേണ്ടി വിദേശത്തുള്ള
അംഗീകൃത സ്കൂളുകൾ

537. [737] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾക്കുവേണ്ടി വിദേശങ്ങളിൽ സർക്കാർ അംഗീകാരം കൊടുത്തിട്ടുള്ള സ്കൂളുകൾ ഉണ്ടോ; എങ്കിൽ എത്ര; എവിടെയെല്ലാം;

(ബി) കഴിഞ്ഞ വർഷവും ഈ വർഷവും ഈ സ്കൂളുകളിൽ ഓരോന്നിലും പഠിക്കുന്ന കുട്ടികൾ എത്ര വീതമാണ്;

(സി) സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന എല്ലാ വിദേശങ്ങളിലുള്ള മലയാളം സ്കൂളുകൾക്കും അംഗീകാരം നൽകുമോ;

(ഇ) അംഗീകാരമുള്ള സ്കൂളുകൾക്ക് ഗവൺമെൻറ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) അംഗീകൃത സ്കൂളുകൾ നിലവിലില്ല. എന്നാൽ ന്യൂ ഇൻഡ്യൻ സ്കൂൾ, റാസൽഖൈമ, യു.എ.ഇ., ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബയ്, യു.എ.ഇ. എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് കേരള സർക്കാർ നിർദ്ദേശിച്ച ചില നിബന്ധനകൾക്ക് വിധേയമായി കേരളത്തിലെ സ്കൂളുകളുടെ സിലബസ് പിൻതുടരാനും 1984 മാർച്ച് മാസം മുതലുള്ള എസ്. എസ്. എൽ.സി. പരീക്ഷയ്ക്കിരിക്കാനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതുപോലുള്ള സ്കൂളിന് അംഗീകാരം കൊടുക്കുന്നതിന് പ്രത്യേകം വ്യവസ്ഥകളില്ല. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുവാൻ നിഷ്കർഷിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) അപേക്ഷ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ഇ) സാമ്പത്തിക സഹായം നൽകുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ സ്കൂൾ
കെട്ടിടങ്ങളുടെ നിർമ്മാണം

538. [738] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 1979-80 വർഷം മുതൽ മരാമത്ത് വകുപ്പിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഗവൺമെൻറ് യു.പി., ഹൈസ്കൂൾ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

A new application form for obtaining Development permit and building permit for construction of building is therefore prescribed and appended to this order. Guidelines for the submission and processing of application is the Development Authority and the Municipality/Corporation is also appended to this order.

These instructions contained in this Government Order will be made effective from 1-10-1986.

By order of the Governor,

K. RAMACHANDRAN,
Secretary to Government.

To

The Chief Town Planner, Thiruvananthapuram.
Director of Municipal Administration, Thiruvananthapuram.
The Secretary, All Development Authorities.
Municipal Commissioner/Special Officer, All Municipalities.
The Executive Officer, Guruvayur Township Committee.
Local Administration (D) Department.
Local Administration (G) Department.
Stock File/Office Copy.

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (737)]

വിദേശത്ത് മലയാളികളെ നടത്തുന്ന സ്ഥാപനങ്ങളിൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് അംഗീകാരം ലഭിക്കാൻ പാലിക്കേണ്ട വ്യവസ്ഥകൾ

1. പരീക്ഷാ കമ്മീഷണർ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ഓരോ വർഷവും സെപ്തംബർ 15-ാം തീയതിക്കു മുൻപായി വിദ്യാർത്ഥികളുടെ അംഗസംഖ്യയും അവരെ സംബന്ധിക്കുന്ന വിവരങ്ങളും സ്കൂൾ അധികൃതർ ഗവൺമെൻറിനു സമർപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് ദുബായിലെ ഇൻഡ്യൻ കോൺസൽ ജനറൽവഴി അയയ്ക്കേണ്ടതും അത് ഒക്ടോബർ 10-ാം തീയതിക്കു മുൻപ് ഗവൺമെൻറ് പരീക്ഷാ കമ്മീഷണർക്ക് ലഭിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ഓരോ വർഷവും സെപ്തംബർ 15-ാം തീയതി സ്ക്കൂളിൽ ക്ലാലി നോക്കുന്ന അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയെ സംബന്ധിച്ച് വിവരം കോൺസൽ ജനറൽ പരിശോധിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന പരിശോധന റിപ്പോർട്ട് സ്ക്കൂൾ മാനേജുമെൻറ് ഗവൺമെൻറ് പരീക്ഷാ കമ്മീഷണർക്ക് ഒക്ടോബർ 10-ാം തീയതിക്കു മുൻപ് അയച്ചുകൊടുക്കേണ്ടതുമാണ്.

3. അദ്ധ്യാപകരുടെ നിയമനത്തിൽ വരുന്ന മാറ്റത്തെ സംബന്ധിച്ച റിപ്പോർട്ട് ആ മാറ്റം സംഭവിച്ച തീയതി മുതലുള്ള 15 ദിവസത്തിനകം പരീക്ഷാ കമ്മീഷണറെ അറിയിക്കേണ്ടതാണ്.

4. കേരള വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന യോഗ്യത യുള്ളവരെ മാത്രമേ അദ്ധ്യാപകരായി നിയമിക്കാവൂ. എന്നാൽ തദ്ദേശീയമായ കാരണങ്ങളാൽ ഈ യോഗ്യതയിൽ ഇളവു വരുത്തുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

5. കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ വകുപ്പ് വിലക്കു നൽകുന്നതാണ്.

6. കാലാകാലങ്ങളിൽ ഗവൺമെൻറും പരീക്ഷാ കമ്മീഷണറും എസ്. എസ് എൽ. സി. പരീക്ഷ നടത്തുന്നതിനായി ഏർപ്പെടുത്തുന്ന വ്യവസ്ഥകൾക്കനുസൃതമായി മാത്രമേ പ്രസ്തുത സ്ക്കൂളിൽ നിന്നും എസ്. എസ്. എൽ. സി. പരീക്ഷ എഴുതുവാൻ കുട്ടികളെ അനുവദിക്കുകയുള്ളൂ.

7. പരീക്ഷ നടത്തുന്നതിന് കാലാകാലങ്ങളിൽ ഗവൺമെൻറു നിശ്ചയിക്കുന്ന ചിലവ് സ്ക്കൂൾ അധികൃതർ നൽകേണ്ടതാണ്.

8. പരീക്ഷ നടത്തുന്നതിനു ആവശ്യമായ വ്യവസ്ഥകൾ പുറപ്പെടുവിക്കുവാൻ ഗവൺമെൻറിനും പരീക്ഷാ കൺട്രോളർക്കും കമ്മീഷണർക്കും അധികാരമുണ്ടായിരിക്കുന്നതും ആ വ്യവസ്ഥകൾ പാലിക്കാൻ സ്ക്കൂൾ അധികൃതർ ബാദ്ധ്യസ്ഥരും ആണ്.

9. സ്ക്കൂൾ അധികൃതർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ ആവശ്യമാണെന്നു തോന്നുമ്പോൾ ഉദ്യോഗസ്ഥൻമാരെ നിയോഗിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

അനുബന്ധം III

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (740) കാണുക]

Sl. No.	Name of village youth clubs	Reg. No.	District
(1)	(2)	(3)	(4)
1	Karakulam	35/85	Thiruvananthapuram
2	Neyyattinkara	146/85	,,
3	Kulathoor	171/85	,,
4	Kottukal	139/85	,,
5	Kilimanoor	141/85	,,
6	Peringamala	176/85	,,
7	Thiruvallam	238/85	,,
8	Varkala	191/85	,,
9	Kanjiramkulam	43/86	,,

LIBRARY ARCHIVES Kerala Legislative Assembly